No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം- 695 001.

# പത്രക്കുറിപ്പ്

# KEAM- 2019

## ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള മോപ്-അപ്പ് കൗൺസലിംഗ്

ബി.ഡി.എസ് കോഴ്സിലേയ്ക്ക് നടന്ന മൂന്നാംഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുവരുന്ന സീറ്റുകളിലേയ്ക്ക് മോപ്-അപ്പ് കൗൺസലിംഗ് ആഗസ്റ്റ് **26,27** തീയതികളിലായി നടത്തുന്നു. മോപ്-അപ്പ് കൗൺസലിംഗ് ആഗസ്റ്റ് **26** ന് പൂർത്തിയാകാത്തപക്ഷം **27** നും തുടരുന്നതായിരിക്കും. തിരുവനന്തപുരം പാളയം എൽ.എം.എസ് കോമ്പൗണ്ടിലുള്ള എൽ.എം.എസ് വിമൻസ് സെന്റർ കോൺഫറൻസ് ഹാളിൽ വച്ച് ആഗസ്റ്റ് **26**-ാം തീയതി രാവിലെ പത്ത് മണി മുതലാണ് മോപ്-അപ്പ് കൗൺസലിംഗ് തീരുമാനിച്ചിട്ടുള്ളത്. കേരള മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മാത്രമാണ് പങ്കെടുക്കാൻ അവസരമുള്ളത്. അഖിലേന്ത്യാ കൗൺസലിംഗിലൂടെ പ്രവേശനം നേടിയവരെ സംസ്ഥാനത്തെ മോപ്-അപ്പ് കൗൺസലിംഗിന് പരിഗണിക്കുന്നതല്ല.

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന മോപ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Mop-Up counselling slip'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് സ്ലിപ്പ് **25.08.2019** വൈകുന്നേരം **5.00** മണി വരെ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. മോപ്-അപ്പ് സ്ലിപ്പുമായി വരുന്നവരെ മാത്രമേ അലോട്ട്മെന്റിന് പങ്കെടുപ്പിക്കുകയുള്ളൂ. അലോട്ട്മെന്റിന് പങ്കെടുക്കേണ്ടവരുടെ സമയക്രമം ചുവടെ ചേർക്കുന്നു.

| തീയതി | റിപ്പോർട്ട് ചെയ്യേണ്ട സമയം | മെഡിക്കൽ റാങ്ക് |
|---|---|---|
| 26.08.2019 | രാവിലെ 10.00 | 1-15000 |
| | ഉച്ചയ്ക്ക് 2.00 | 15001-30000 |
| 27.08.2019 | രാവിലെ 10.00 | 30001 നു മേൽ |

***കുറിപ്പ്***

ഏതെങ്കിലും കാറ്റഗറിയിൽ ഒഴിവുള്ള സീറ്റിന് വിദ്യാർത്ഥികൾ ലഭ്യമല്ലാതെ വന്നാൽ അത്തരം സീറ്റുകൾ പ്രോസ്പെക്ടസ് വ്യവസ്ഥ/സർക്കാർ ഉത്തരവ് പ്രകാരം അർഹമായ കാറ്റഗറികളിലേയ്ക്ക് മാറ്റി മോപ്-അപ് പൂർത്തിയാക്കുന്നതായിരിക്കും. ഇത്തരം സീറ്റുകൾ പ്രതീക്ഷിക്കുന്നവർ, മോപ്-അപ് അവസാനിക്കുന്നതുവരെ അലോട്ട്മെന്റ് സ്ഥലത്ത് ഉണ്ടായിരിക്കേണ്ടതാണ്.

വിശദ വിവരങ്ങൾക്ക് 21.08.2019 ലെ വിജ്ഞാപനം കാണുക.

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

തിരുവനന്തപുരം
24.08.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**